**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5070** **15/11/2019- ൽ മറുപടിയ്ക്ക്**

## റബ്ബർ വിലസ്ഥിരതാപദ്ധതി

| ചോദ്യം<br>ശ്രീ. ജോർജ്ജ് എം.തോമസ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) വിലത്തകർച്ച നേരിടുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായുള്ള റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ; | (എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും, റബ്ബർ കൃഷി ലാഭകരമാക്കുന്നതിനും 2015-16 മുതൽ സർക്കാർ റബ്ബർ വിലസ്ഥിരതാ പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ കിലോയ്ക്ക് 150/- രൂപയാണ് സംഭരണ വിലയായി നൽകുന്നത്. സർക്കാർ ധനകാര്യ വകുപ്പും, റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ്, റബ്ബറിന് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ ആയി നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കും. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവമ്പാടി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കർഷകർക്ക്, എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീമിനു കീഴിൽ സബ്സിഡി വിതരണം ചെയ്യുന്നത് അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്കാണ്. ഇതിന്റെ മണ്ഡലം / പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം ലഭിക്കുന്ന നിലവിലുള്ള വിലയായ 150/- രൂപ അപര്യാപ്തമായതു കൊണ്ട് വില കിലോയ്ക്ക് 200/- രൂപ എങ്കിലും ആക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ സഹകരണം ലഭ്യമാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. |

Sreelatha

**സെക്ഷൻ ഓഫീസർ**